LIBRARY ARCHIVES Kerala Legislative Assembly

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

138 (3885) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്യുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ എന്ന് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ :

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ദേവികുളം താലൂക്കിൽ 240 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി - ഡി) 22-8-2015-ൽ ഇടുക്കി ജില്ലയിൽ മെഗാ പട്ടയമേള നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടയമേളയിൽ വിവിധ തരത്തിലുള്ള 25000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സമീപകാലത്തു തന്നെ ഇടുക്കിയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം

139 (3886) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാവിലുംപാറ വില്ലേജിലെ ഏതെല്ലാം ഉടമകളുടെ ഭൂമിയിൽ നിന്നാണ് ഭൂനികുതി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഭൂനികുതി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂവുടമകൾ ഓരോരുത്തരും എത്ര ഭൂമി വീതം കൈവശം വയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാവിലുംപാറ വില്ലേജിലെ പരിസ്ഥിതി ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭൂമികളുടെ ഭൂഉടമകളിൽനിന്നാണ് ഭൂനികുതി സ്വീകരിക്കാത്തത്.

(ബി) പരിസ്ഥിതി ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന ഭൂമിയായതിനാൽ നികുതി സ്വീകരിച്ചിരുന്നില്ല.

(സി) കാവിലുംപാറ വില്ലേജിലെ ഭൂനികുതി സ്വീകരിക്കാത്ത ഭൂവുടമകൾ കൈവശം വയ്ക്കുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

അനുബന്ധം

ക്രമ നമ്പർ	ഭൂനികുതി സ്വീകരിക്കാത്ത ഭൂവുടമകളുടെ പേര് വിവരം	കൈവശംവെക്കുന്ന ഭൂമിയുടെ അളവ് (ഹെക്ടർ ഏകദേശം)
(1)	(2)	(3)
1	തൈക്കട്ടപ്പിൽ കുട്ടപ്പൻ പി.ഒ പൂഴിത്തോട്	0.404
2	ഷമീർ, പുതുമീത്തൽ, കരിക്കിലാട്	6.470
3	നെല്ലിയുള്ള പറമ്പത്ത് ലീല, തളിയിൽ പി.ഒ.	0.199
4	കക്കണ്ടേമ്മൽ കണ്ണൻ, കാവിലുംപാറ	0.198
5	നെല്ലിപ്പാറ വാസു, ചാത്തൻകോട്ട് നട	0.198
6	കക്കുഴിയുള്ള പറമ്പത്ത് കല്ല്യാണി, കാവിലുംപാറ	0.050
7	വഞ്ചിപ്പാറ വർക്കി, ചാപ്പൻത്തോട്ടം പി. ഒ.	0.101
8	തലിക്കുനിയിൽ നാണു, കണ്ടുതോട്	0.050
9	കറ്റ്യാടി മിറ്റം ജോസഫ്, മുറ്റത്തെപ്ലാവ്, ചാപ്പൻതോട്ടം	0.809
10	സുഹറ, കഞ്ഞിമൂസ്സ, അമ്മുസാഹിബ് ബംഗ്ലാവ്, എസ്.എൻ. പാർക്കിന് സമീപം, കണ്ണൂർ	1.214
11	മുക്കലേൽ ഗോവിന്ദൻ ചെട്ടിയാർ, ചൂരണി, പൂതംപാറ പി. ഒ.	1.214
12	ദേവസ്യ എന്ന സെബാസ്റ്റ്യൻ, മറ്റപ്പള്ളി, പൂതംപാറ പി.ഒ.	0.809
13	കളമുള്ളയിൽ ആലിക്കുട്ടി, ദേവർകോവിൽ, തളിയിൽ പി.ഒ.	2.024
14	കടത്തലക്കുന്നേൽ തോമസ്, ചാത്തൻകോട്ടുനട പി.ഒ.	1.214
15	കണ്ടിലോട്ടുമ്മൽ പൊക്കൻ മുതൽ പേർ വെള്ളൂർ, കോടഞ്ചേരി പി.ഒ.	1.214

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
16	കച്ചേരിപൊയിൽ അബ്ദുള്ള, മുകേരി പി.ഒ.	1.214
17	ആണ്ടി കനിയിൽ, വണ്ണാത്തിപ്പൊയിൽ	0.404
18	രാജൻ, വീതിയുള്ള പറമ്പത്ത് മുതലായവർ, മൊയിലോത്തറ പി.ഒ.	0.607
19	കണാരൻ, ക്കനിയിൽ, വണ്ണാത്തിപ്പൊയിൽ	0.819
20	രാജു വാരിക്കാട്ട്, കരിങ്ങാട് പി.ഒ.	2.024
21	പത്മനാഭൻ, വളക്കയം മുതൽ പേർ, കാവിലും പാറ	6.882
22	എ.വി. ശങ്കരൻ മുതൽ പേർ, കാവിലുംപാറ	5.668
23	ഡി. നാരായണൻ നമ്പൂതിരി, വരിക്കോളി പി.ഒ.	1.153
24	മഞ്ഞപ്പള്ളി രാജപ്പൻ മുതൽ പേർ, പൂതംപാറ	0.748
25	ജോളി, ചോതേക്കോളി, കരിങ്ങാട്	0.404
26	തെക്കേമുറി തങ്കച്ചൻ, പൊയിലോചാൽ, ചാപ്പൻതോട്ടം പി.ഒ.	0.809
27	തെക്കേമുറി ജോസ്, പൊയിലോചാൽ, ചാപ്പൻതോട്ടം പി.ഒ.	0.202
28	തോമസ്, കാർമലശ്ശേരി, മാറ്റിലയം പി.ഒ	1.214

ചാലിയാർ പുഴയിലെ മണൽ വാരൽ

140 (3887) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ നിന്നും മലപ്പുറം ജില്ലയുടെ ഭാഗത്ത് മണൽ വാരാൻ അനുമതി നൽകുകയും കോഴിക്കോട് ജില്ലയുടെ ഭാഗത്ത് അനുമതി നൽകാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം തൊഴിലാളികൾ ശേഖരിക്കുന്ന മണൽ മലപ്പുറം ഭാഗത്തേക്ക് മാത്രമേ കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly